പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **5896** **08. 07. 2013-** ലെ മറുപടി

<u>പ്രവാസികൾക്കായി ക്ഷേമനിധി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. രാജു എബ്രഹാം</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| പ്രവാസികൾക്കായി ക്ഷേമനിധി ആരംഭിച്ചിട്ടുണ്ടോ; ഇതിൽ അംഗത്വം ലഭിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണ്; ക്ഷേമനിധിയിൽ നിന്നും അംഗങ്ങൾക്ക് എന്തൊക്കെ അനുകൂല്യങ്ങളാണ് ലഭിക്കുന്നത്; അംഗത്വം ലഭിക്കുന്നതിന് ആരെയാണ് സമീപിക്കേണ്ടത്; ഏതൊക്കെ ജില്ലകളിലാണ് ഇപ്പോൾ ഇതിന് ഓഫീസുകൾ നിലവിലുള്ളത്; ഫോൺ നമ്പരും വിലാസവും ലഭ്യമാക്കാമോ? | ഉണ്ട്; പ്രവാസികൾക്കായി 'കേരള പ്രവാസി കേരളീയ ക്ഷേമനിധി ബോർഡ്' വഴി 2009 ൽ തന്നെ ക്ഷേമനിധി ആരംഭിച്ചിട്ടുണ്ട്. 18 വയസ്സു പൂർത്തിയായിട്ടുള്ളതും എന്നാൽ 55 വയസ്സു പൂർത്തിയായിട്ടില്ലാത്തതുമായ പുറങ്ങിയത് ആറു മാസക്കാലമെങ്കിലുമായി വിദേശത്ത് ജോലി ചെയ്തുവരുന്ന പ്രവാസി കേരളീയനും രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയ മുൻ പ്രവാസി കേരളീയനും ഭാരതത്തിനകത്താണെങ്കിൽ പുറങ്ങിയത് ആറുമാസമെങ്കിലും കേരളത്തിനു പുറത്ത് താമസിക്കുകയും അവിടെത്തന്നെ തുടരുകയും ചെയ്യുന്ന പ്രവാസി കേരളീയനും നിധിയിൽ അംഗമാകാവുന്നതാണ്. ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങൾ ഇപ്പോൾ തന്നെ നല്കിവരുന്നുണ്ട്. പെൻഷൻ വിതരണം 2014 മുതൽ ആരംഭിക്കുന്നതാണ്. അംഗങ്ങൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ്, ആരോഗ്യ ഇൻഷ്വറൻസ്, പ്രസവാനുകൂല്യം, വിവാഹ ധനസഹായം അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ഗ്രാന്റ്, സ്വയം തൊഴിൽ വായ്പ തുടങ്ങിയ ആനുകൂല്യങ്ങൾ സമീപഭാവിയിൽതന്നെ ആരംഭിക്കുന്നതാണ്. കേരള പ്രവാസി കേരളീയ ക്ഷേമബോർഡിന്റെ കേന്ദ്ര |

ഓഫീസിലോ മേഖലാ ഓഫീസുകളിലോ ലെയ്സൺ ഓഫീസിലോ ഒരു പ്രവാസി മലയാളിക്ക് അംഗത്വത്തിനായി സമീപിക്കാവുന്നതാണ്. നിലവിൽ ബോർഡിന്റെ കേന്ദ്ര ഓഫീസ് തിരുവനന്തപുരത്തും മേഖലാ ഓഫീസുകൾ എറണാകുളം, കോഴിക്കോട് ജില്ലകളിലും ലെയ്സൺ ഓഫീസ് മലപ്പുറത്തും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയുടെ വിലാസം, ഫോൺ നമ്പർ, ഇ - മെയിൽ വിലാസം എന്നിവ ചുവടെ കൊടുക്കുന്നു.

***<u>മുഖ്യ ഓഫീസ്-തിരുവനന്തപുരം</u>***

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്
2-ാം നില, നോർക്ക സെന്റർ,
തൈയ്ക്കാട് പി.ഒ.,
തിരുവനന്തപുരം-14
ഫോൺ: 0471 2785500, ഫാക്സ്: 0471 2785501
ഇ - മെയിൽ: info@pravasiwelfarefund.org,
www.pravasiwelfarefund.org

***<u>റീജിയണൽ ഓഫീസ് -എറണാകുളം</u>***

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്
ശ്രീ സായ് ബിൽഡിംഗ്,
രവി പുരം റോഡ്,
വളഞ്ഞമ്പലം ജംഗ്ഷൻ,
കൊച്ചി-682016
ഫോൺ: 0484 2357566,
ഇ - മെയിൽ: ekm.office@pravasiwelfarefund.org .

***<u>റീജിയൺ ഓഫീസ്- കോഴിക്കോട്</u>***

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്
ഒന്നാം നില, സാമൂതിരി സ്ക്വയർ,
ലിങ്ക് റോഡ്,
കോഴിക്കോട് -02
ഫോൺ: 0495 2304604
ഇ - മെയിൽ: - kkd.office@pravasiwelfarefund.org

***<u>ലെയ്സൺ ഓഫീസ്-മലപ്പുറം</u>***

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്
മുനിസിപ്പൽ ടാക്സി സ്റ്റാന്റ് ബിൽഡിംഗ്,
കോട്ടയ്ക്കൽ, മലപ്പുറം
ഫോൺ: 0483 2744042

സെക്ഷൻ ഓഫീസർ